പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6266 07.11.2016 ൽ മറുപടിയ്ക്ക്**

**<u>ഉത്സവ സീസണുകളിൽ കേരളത്തിനു പുറത്തേയ്ക്കുള്ള പാരലൽ സർവ്വീസ്</u>**

| | ചോദ്യം<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ. എം.മുകേഷ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഉത്സവ സീസണുകളിൽ കേരളത്തിനു പുറത്തേയ്ക്കുള്ള നിരവധി പാരലൽ സർവ്വീസ് ബസ്സുകൾ ടിക്കറ്റ് നിരക്ക് തോന്നുന്നതുപോലെ വാങ്ങിയ്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ക്രമീകരിയ്ക്കുന്നതിനും ന്യായമായ നിരക്ക് നിശ്ചയിക്കുന്നതിനും നടപടിയെടുക്കുമോ; | (എ) | ഉണ്ട്. നിയമാനുസൃതമല്ലാത്ത ഇത്തരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി യുടെ വരുമാനം കവർന്നെടുക്കുന്നതിനാൽ ആയത് തടയുന്നതിനും അന്യായമായ ചാർജ്ജ് വാങ്ങുന്നതിനെതിരെയും ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കാറുണ്ട്. ഇത് തുടരുന്നതാണ്. |
| (ബി) | ഇപ്രകാരം ബസ്സുകൾക്ക് പാരലൽ സർവ്വീസ് നടത്തുന്നതിന് നിയമമുണ്ടോ; എങ്കിൽ എന്ത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ബസ്സുകൾ സർവ്വീസ് നടത്തുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഇല്ല. 1988 ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 88(8), (9) പ്രകാരം നേടുന്ന കോൺട്രാക്ട് കാര്യേജ് പെർമിറ്റുകളുടെ പിൻബലത്തിലാണ് ഇത്തരം സർവ്വീസുകൾ നടത്തുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി. ഇത്തരം മേഖലയിൽ കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിനും, അവ കാര്യക്ഷമമായി നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെടുന്നതോടുകൂടി ബാംഗ്ലൂർ,ചെന്നൈ, കോയമ്പത്തൂർ, മൈസൂർ എന്നീ പ്രധാന സ്ഥലങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാനും, കാര്യക്ഷമമായി നടത്തുവാനും കെ.എസ്.ആർ.ടി.സി യ്ക്ക് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ